**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5034** **20-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്രപേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ട്; പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ മുഖേന നിലവിൽ 540 പേർക്ക് തൊഴിൽരഹിത വേതനം നൽകിവരുന്നുണ്ട്. 18-നും 35-നും മദ്ധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവതി-യുവാക്കൾക്ക് ഒരു താൽക്കാലിക ധനസഹായമെന്ന നിലയിലാണ് തൊഴിൽരഹിത വേതനം നൽകി വരുന്നത്. വിദ്യാർത്ഥികളല്ലാത്തവരും എസ്.എസ്.എൽ.സി-യോ തത്തുല്യമായ പരീക്ഷയോ പാസ്സായവരും വാർഷിക കുടുംബ വരുമാനം 12,000/- രൂപയിൽ കവിയാത്തവരും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം തുടർച്ചയായി മൂന്നു വർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും എന്നാൽ 35 വയസ് അപേക്ഷിക്കുന്ന ദിവസം കഴിഞ്ഞിട്ടില്ലാത്തവരുമായ വ്യക്തികൾക്ക് തൊഴിൽരഹിത വേതനത്തിന് അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി-പട്ടിതവർഗ്ഗക്കാരായ അപേക്ഷകർ എസ്.എസ്.എൽ.സി പരീക്ഷ പാസ്സാകണമെന്നില്ല. അവർ, ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. അംഗവൈകല്യമുള്ള അപേക്ഷകരെ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോറിറ്റി മതിയാകുന്നതാണ്. അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകുന്നതാണ്. പെൻഷനായോ, സർക്കാരിന്റെ ഏതെങ്കിലും ക്ഷേമപദ്ധതിയിൽ നിന്നുള്ള ധനസഹായമായോ, പാരിതോഷികം, സ്റ്റൈപ്പന്റ്, അലവൻസ്, എക്സ്ഗ്രേഷ്യാ എന്നീ ഇനങ്ങളിലോ പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമില്ലാത്ത എല്ലാ തൊഴിൽരഹിതർക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. |

| | | | |
|---|---|---|---|
| | | | നിലവിൽ ഡിസംബർ 2024 വരെയുള്ള തൊഴിൽരഹിത വേതനം വിതരണം നടത്തിയിട്ടുണ്ട്. 2025 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തൊഴിൽരഹിത വേതനം നൽകാനുണ്ട്. നിലവിൽ ആറ് മാസത്തിൽ ഒരിക്കലാണ് തൊഴിൽരഹിത വേതനം വിതരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ